സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ജീവനക്കാര്യം - മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേക്കുള്ള സ്ഥലംമാറ്റം - സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 5817/22/Est-1** നന്തൻകോട്, 16-05-2022

---

പരാമർശം :- 1) WP(C) 11522/2022 നമ്പർ കേസ്സിൽ ബഹു: ഹൈക്കോടതി 31-03-2022 ൽ പുറപ്പെടുവിച്ച വിധിന്യായം.
2) WP(C) 10596/2022 നമ്പർ കേസ്സിൽ ബഹു: ഹൈക്കോടതി 01-04-2022 ൽ പുറപ്പെടുവിച്ച വിധിന്യായം.
3) WP(C) 12733/2022 നമ്പർ കേസ്സിൽ ബഹു: ഹൈക്കോടതി 06-04-2022 ൽ പുറപ്പെടുവിച്ച വിധിന്യായം.
4) 28-04-2022 ൽ കൂടിയ തിരുവിതാംകൂർ ദേവസ്വം ബോർഡ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ മിനിട്ട്സ്.
5) ചീഫ് എഞ്ചിനീയർ (ജനറൽ) ന്റെ 10-05-2022 ലെ CE(G)/Estt-II/C.01/2022 നമ്പർ റിപ്പോർട്ട്.
6) 11-05-2022 ലെ മേൽ നമ്പർ ബോർഡുത്തരവ്
7) 17-05-2022 ലെ 696/20/Est-1 നമ്പർ ബോർഡുത്തരവ്.

## ഉത്തരവ്

മരാമത്ത് വിഭാഗം ചീഫ് എഞ്ചിനീയർ ശ്രീ. ബി. കേശവദാസ് 30-04-2022 ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിലേക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) കേഡറിലെ ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം നൽകി ബോർഡുത്തരവായി (പരാമർശം -6).

ഇപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) കേഡറിൽ നിലവിലുള്ള ഒരു ഒഴിവ് നികത്തുന്ന വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേർന്നതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തികയിലെ ഉദ്യോഗസ്ഥരുടെ 2022 ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി പരാമർശം 4 നോടൊപ്പം ലഭിച്ചത് ബോർഡ് അംഗീകരിച്ചിട്ടുണ്ട്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തികയിലെ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം എന്നിവ സംബന്ധിച്ചുളള ചീഫ് എഞ്ചിനീയർ (ജനറൽ) ടെ പ്രൊപ്പോസൽ ലഭിച്ചിട്ടുമുണ്ട് (പരാമർശം -5).

ചീഫ് എഞ്ചിനീയർ (ജനറൽ) 03-03-2022 ൽ പ്രസിദ്ധീകരിച്ച മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തികകളിലെ 31-01-2022 തീയതി അടിസ്ഥാനപ്പെടുത്തിയുളള കരട് സീനിയോരിറ്റി ലിസ്റ്റിന്മേൽ ഏതാനും അസിസ്റ്റന്റ് എഞ്ചിനീയർമാർ ആക്ഷേപം ഉന്നയിച്ചിരുന്നു.

ടി വിഷയം സംബന്ധിച്ച് ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 1, 2, 3 വിധിന്യായങ്ങൾ പ്രകാരം ഹർജിക്കാരെ നേരിൽകേട്ടും ടിയാന്മാരുടെ ആക്ഷേപം പരിശോധിച്ചും റിപ്പോർട്ട് ഹാജരാക്കുന്നതിന് ചീഫ് എഞ്ചിനീയർ (ജനറൽ) നെ ചുമതലപ്പെടുത്തി ബോർഡുത്തരവായി (പരാമർശം - 7).

ഈ സാഹചര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേക്കുളള സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നിവ ചുവടെ വിവരിക്കും പ്രകാരം അനുവദിച്ച് ബോർഡുത്തരവാകുന്നു.

## III. സ്ഥലംമാറ്റം – എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)

| പേര്, നിലവിൽ ജോലി നോക്കുന്ന തസ്തിക, ആഫീസ് | സ്ഥലംമാറ്റി നിയമിക്കുന്ന തസ്തിക, ആഫീസ് |
|---|---|
| ശ്രീ. രഞ്ജിത്. കെ. ശേഖർ,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>എസ്റ്റേറ്റ് ഡിവിഷൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ശബരിമല ഡവലപ്പ്മെന്റ് പ്രോജക്ട്,<br>പത്തനംതിട്ട |

## IV. സ്ഥാനക്കയറ്റം - എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) - ശമ്പള സ്കെയിൽ 68700-110400

| പേര്, നിലവിൽ ജോലി നോക്കുന്ന തസ്തിക, ആഫീസ് | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, ആഫീസ് |
|---|---|
| ശ്രീമതി. അഞ്ജന ശശി,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>[P.A. to Chief Engineer (General)], ചീഫ് എഞ്ചിനീയർ (ജനറൽ) ആഫീസ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>എസ്റ്റേറ്റ് ഡിവിഷൻ |

പ്രസ്തുത സ്ഥാനക്കയറ്റം പരാമർശം 7 ബോർഡുത്തരവിൻ പ്രകാരം ചീഫ് എഞ്ചിനീയർ (ജനറൽ) സമർപ്പിക്കുന്ന റിപ്പോർട്ടിന്മേൽ ബോർഡ് കൈക്കൊളളുന്ന അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ശ്രീ. രഞ്ജിത്. കെ. ശേഖർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എസ്റ്റേറ്റ് ഡിവിഷൻ
3. ശ്രീമതി. അഞ്ജന ശശി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, P.A. to Chief Engineer (General)
4. ഇ.ഡി.പി. സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK